LIBRARY ARCHIVES Kerala Legislative Assembly

2021 മാർച്ചിലെ പ്ലസ് ടു പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ഉപരിപഠനത്തിന് അർഹരായവർ
തിരുവനന്തപുരം	27579
കൊല്ലം	24583
പത്തനം തിട്ട	9778
ആലപ്പുഴ	19157
കോട്ടയം	18737
ഇടുക്കി	9340
എറണാകുളം	28980
തൃശ്ശൂർ	29970
പാലക്കാട്	26262
കോഴിക്കോട്	34464
മലപ്പുറം	51543
വയനാട്	7878
കണ്ണൂർ	27053
കാസർഗോഡ്	11665

കോവിഡ് കാലത്തെ കെ-ടെറ്റ് പരീക്ഷ

212(4222) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ കെ-ടെറ്റ് പരീക്ഷ എത്ര പ്രാവശ്യം നടന്നെന്നെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലഘട്ടത്തിൽ 2020 ഡിസംബറിൽ നടത്താൻ നിശ്ചയിച്ചിരുന്ന കെ-ടെറ്റ് പരീക്ഷ 2021 ജനുവരി 9- ന് കാറ്റഗറി (I, II), ജനുവരി 17- ന് കാറ്റഗറി (III, IV) എന്നിവ നടക്കുകയും ആയതിന്റെ റിസൾട്ട് മാർച്ച് 17-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം ലഭിച്ചവർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്നുള്ള ഉത്തരവിൽ ഇളവ് ദീർഘിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2019-20 വർഷംവരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് 2020-21 സ്കൂൾ വർഷാവസാനംവരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പ്രീ സ്കൂൾ നവീകരണം

213(4223) ശ്രീ. അബ്ദുൽ ഹമീദ്. പി:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ സ്കൂൾ മേഖലയുടെ പ്രവർത്തനം നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

പ്രീ-സ്കൂൾ മേഖലയുടെ ശാസ്ത്രീയമായ നവീകരണത്തിനായി കുട്ടികൾക്കും അദ്ധ്യാപകർക്കും പഠന വിനിമയ സാമഗ്രികളായ പ്രീ-സ്കൂൾ പാഠ്യപദ്ധതി, പ്രീ-സ്കൂൾ അദ്ധ്യാപക സഹായി-കളിപ്പാട്ടം, പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും വിനിമയ സഹായിയും-കളിത്തോണി എന്നിവ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. കോവിഡ്-19 സാഹചര്യത്തിൽ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകമായ കളിത്തോണിയിലെ വർക്ക് ഷീറ്റുകൾ രക്ഷിതാക്കളുടെ പിന്തുണയോടെ സൗഹാർദ്ദപരമായ ഗൃഹാന്തരീക്ഷത്തിൽ ചെയ്യുന്നതിന് അദ്ധ്യാപകരെ സജ്ജരാക്കുന്നതിനുള്ള പ്രശിക്ഷാ 2021 ഓൺലൈൻ പ്രീ-സ്കൂൾ അദ്ധ്യാപക പരിവർത്തനപരിപാടി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ 'സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ' പദ്ധതി പ്രകാരം പ്രതിവർഷം പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ടി പദ്ധതിയിൽനിന്നും തുക വിനിയോഗിച്ചുവരുന്നു.

(ബി) പ്രീ-പ്രൈമറി തലവും അങ്കണവാടികളിലെ പഠനപ്രവർത്തനവും ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

പ്രീ-സ്കൂളുകളിലെയും അങ്കണവാടികളിലെയും സേവനങ്ങൾ പരസ്പരം പങ്കുവച്ചുകൊണ്ട് ജൈവികമായ ഏകോപനം നടക്കുന്നതിന് സഹായകരമായ